## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5236** **21-03-2025 - ൽ മറുപടിയ്ക്ക്**

### സർവകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനം പി.എസ്.സിക്ക് വിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; ഏതെങ്കിലും തസ്തികകളിൽ യൂണിവേഴ്സിറ്റി തലത്തിൽ നേരിട്ടുള്ള നിയമന രീതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലെ സർവകലാശാലകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-യ്ക്ക് വിട്ടിട്ടില്ല. സർവകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട്, യു.ജി.സി. / എ.ഐ.സി.റ്റി.ഇ. റെഗുലേഷൻ, കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ, സർവകലാശാലകൾ നേരിട്ടാണ് അദ്ധ്യാപക നിയമനം നടത്തുന്നത്.<br><br>2015-ലെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് പ്രകാരം സർവകലാശാലകളിലെ വിവിധ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി. യിൽ നിക്ഷിപ്തമാണ്. ഇതിനനുസൃതമായി, സർവകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുൾപ്പെടെ 18 അനധ്യാപക തസ്തികകളിലേക്കുള്ള യോഗ്യത, വയസ്സ്, ശംബള സ്കെയിൽ, നിയമനരീതി എന്നിവ നിർണ്ണയിച്ച് 26.02.2016 തീയതിയിലെ സ.ഉ.(അച്ചടി) നം. 7/2016/ഉ.വി.വ., 06.11.2020 തീയതിയിലെ സ.ഉ.(അച്ചടി) നം. 37/2020/ഉ.വി.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി സർവകലാശാലയിലെ റസിഡന്റ് മെഡിക്കൽ ഓഫീസർ, ലാബ് അറ്റൻഡർ തസ്തികകൾ മേൽപ്പറഞ്ഞ എക്സിക്യൂട്ടീവ് ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ആയതിനാൽ റസിഡന്റ് മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒരു ഒഴിവിലേക്ക് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുകയും ലാബ് അറ്റൻഡർ തസ്തികയിലെ 2 ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 |

| | | | |
|---|---|---|---|
| | | | ദിവസത്തേയ്ക്ക് താത്കാലികമായി നിയമനം നടത്തുകയും ചെയ്തുവരുന്നു.<br><br>കാലിക്കറ്റ് സർവകലാശാലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസസ്, 1978, അധ്യായം 15, ഓർഡിനൻസ് 3 -ൽ അനദ്ധ്യാപക തസ്തികകൾ പ്രതിപാദിക്കുന്ന ഷെഡ്യൂളിലെ ക്രമനമ്പർ 34 -ലെ ഇന്റഗ്രേറ്റഡ് കേഡർ ഓഫ് ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ്, പ്യൂൺസ് / വാച്ച്മാൻ തസ്തികകൾ, 26.02.2013-ൽ ബഹു. ചാൻസലർ അനുമതി നൽകിയതും 28.05.2013-ൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ ഭേദഗതിപ്രകാരം ടി തസ്തികയുടെ കേഡർ സ്ട്രെങ്ങ്തിന്റെ 30 ശതമാനം സർവകലാശാലയിൽ നിലവിലുള്ള അംഗീകരിക്കപ്പെട്ട സി.എൽ.ആർ. ജീവനക്കാരിൽ നിന്നും തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമാനുസൃത സംവരണക്രമം പാലിച്ച് നിയമിക്കാവുന്നതാണ്. കൂടാതെ, പാർട്ട് ടൈം സ്വീപ്പർ തസ്തിക ക്രമനമ്പർ 33 A ആയി കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസസ്, 1978, അധ്യായം 15, ഓർഡിനൻസ് 3 -ൽ അനദ്ധ്യാപക തസ്തികകൾ പ്രതിപാദിക്കുന്ന ഷെഡ്യൂളിൽ 01.07.2009 പ്രാബല്യത്തിൽ ഉൾപ്പെടുത്തുന്നതിന് ബഹു. ചാൻസലർ 09.12.2024-ൽ അനുമതി നൽകിയതു പ്രകാരം പാർട്ട്ടൈം സ്വീപ്പർ നിയമനം യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമാണ്. നിയമനരീതി സംബന്ധിച്ച് അതതു സമയങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൂടി കണക്കിലെടുക്കുന്നുണ്ട്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്കുള്ള നിയമനം എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന ആണ് നടത്തിവരുന്നത്. കൂടാതെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നടത്തുമ്പോഴും, സർവകലാശാലയിലെ ലൈബ്രറി അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നടത്തുമ്പോഴും സർവകലാശാല തലത്തിൽ ആണ് നിയമനം നടത്തുന്നത്.<br><br>ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ സർക്കാരിന്റെ അനുമതി പ്രകാരം കരാർ നിയമനങ്ങളാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ